(2) മാനന്തവാടി ചിറ്റൂർ പറമ്പിൽ റോസമ്മ എന്ന സ്ത്രീയേയും മക്കളേയും കൊലപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീമതി രാധാരാഘവൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മാനന്തവാടിയിൽ കുഴിനിലം ചിറ്റൂർ പറമ്പിൽ ജോസിന്റെ ഭാര്യ റോസമ്മ, മകൻ ജോബിൻ മകൾ ജ്യോത്സന എന്നിവർ 9-ാം തീയതി രാത്രിയിലോ 10-ാം തീയതി രാവിലെയോ അതിദാരുണമായി കൊലചെയ്യപ്പെട്ടു. മറ്റൊരു മകൻ റോബിനെ തലയ്ക്ക് ഗുരുതരമായ പരിക്കോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മാനന്തവാടി നോബർട്ട് ഹൗസിലെ ഡ്രൈവർ ജോസിന്റെ ഭാര്യയും മക്കളുമാണ് കൊല്ലപ്പെട്ടത്. സംഭവ ദിവസം ജോസ് സ്ഥലത്തില്ലായിരുന്നു. ഈ കൊലപാതകം നടത്തിയതാരാണെന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആർക്കെങ്കിലും ഇവരോട് വൈരാഗ്യമുള്ളതായും അറിവില്ല. ഇക്കാര്യങ്ങളിൽ സർക്കാർ പോലീസിന് കർശനമായ നിർദ്ദേശം നൽകി കൊലപാതികളെ എത്രയും വേഗം പിടികൂടണമെന്നും ജനങ്ങൾക്ക് സൈരജീവിതം ഉറപ്പുവരുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, മാനന്തവാടി കുഴിനിലം ചിറ്റൂർപറമ്പിൽ ജോസിന്റെ ഭാര്യ റോസമ്മ (33), കുട്ടികളായ ജോബിൻ (10), ജ്യോത്സ്ന (7) എന്നിവർ 10.7.1999-ന് വീട്ടിനുള്ളിൽ വെട്ടേറ്റ് മരിച്ച നിലയിൽ കാണപ്പെട്ടു. ജോസിന്റെ മകൻ റോബിൻ ഗുരുതരമായി പരുക്കേറ്റ് ചികിത്സയിലാണ്. ഇതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാനിയമം 449, 307, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 216/99-ാം നമ്പരായി മാനന്തവാടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഫോറൻസിക് വിദഗ്ദ്ധർ, വിരലടയാള വിദഗ്ദ്ധർ എന്നിവർ സ്ഥലം സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. പോലീസ്നായയുടെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മാനന്തവാടി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീമിനെ കേസ്സന്വേഷണം ഏൽപ്പിച്ചിട്ടുണ്ട്. കേസ്സന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ ഡി.ജി.പി.ക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(3) പത്രപ്രവർത്തകർക്കുള്ള ഹൗസിംഗ് ബോർഡ് ലോണിന് സബ്സിഡി വിതരണം ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. എം.കെ. മുനീർ : സർ, ഹൗസിംഗ് സബ്സിഡി കാത്തിരിക്കുന്ന വർക്കിംഗ് ജേർണലിസ്റ്റുകൾക്കുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അപേക്ഷ നൽകി കാത്തിരിക്കുന്നവർ ആകെ 20 പേരാണ്. 1998-99-ലെ ബഡ്ജറ്റിൽ 6.5 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 2.17 ലക്ഷം രൂപയാണ് ഹൗസിംഗ് ബോർഡിന് അനുവദിച്ചുകിട്ടിയത്. ബാക്കി തുക 1999 മാർച്ചിൽ റിലീസ് ചെയ്യാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പ് നൽകിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ Streamline Section-ന്റെ സാംഗ്ഷൻ വേണമെന്ന് ട്രഷറി പറഞ്ഞതിനാൽ പണം കിട്ടിയിട്ടില്ല; Streamline Section-ന്റെ അനുമതി ലഭിച്ചതുമില്ല. അതിനാൽ ആ വർഷം ലഭിക്കേണ്ട 4.33 ലക്ഷം രൂപ ലാപ്സായി. 1999-2000 വർഷത്തിൽ സബ്സിഡിത്തുക 50,000 രൂപ ആക്കി ഉയർത്തിയെങ്കിലും മുൻവർഷത്തെപ്പോലെ 6.5 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 50,000 രൂപയാക്കി ഉയർത്തണമെന്ന ജി.ഒ. ഇതുവരെ ഹൗസിംഗ് ബോർഡിന് ലഭിച്ചില്ല. അനുവദിച്ച തുകയുടെ ജി.ഒ.യും ലഭിച്ചിട്ടില്ല. ജി.ഒ. ലഭിച്ചിട്ടില്ലെങ്കിൽ തുക കിട്ടി

LIBRARY ARCHIVES Kerala Legislative Assembly